ബോംബെ) തീരുമാനിച്ചിട്ടുണ്ട്. ഈ ദിവസം പരീക്ഷ നടത്തുന്നതുമൂലം അനേകം പരീക്ഷാർത്ഥികൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് പരിഗണിച്ച് ഈ പരീക്ഷ സൗകര്യപ്രദമായ മറ്റൊരു ദിവസത്തേയ്ക്ക് മാറ്റി വയ്ക്കാൻ കേരള ഗവൺമെന്റ് ബന്ധപ്പെട്ട അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(3) പിന്നോക്ക സമുദായങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് കണക്കെടുപ്പ്

(ശ്രീ. നാലകത്ത് സൂപ്പി) : സർ, സംസ്ഥാന സർവ്വീസിൽ പിന്നോക്ക സമുദായങ്ങളുടെ ജാതി തിരിച്ചുള്ള കണക്ക് ശേഖരിക്കാൻ വേണ്ടി കഴിഞ്ഞ രണ്ടു മാസം മുൻപ് നിശ്ചയിച്ച നരേന്ദ്രൻ മൂന്നംഗ കമ്മിറ്റി അതിന്റെ പ്രവർത്തനം നടത്താനിരിക്കുന്നതേയുള്ളു. ഇതു വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. വളരെ ഗൗരവത്തോടുകൂടി എടുക്കേണ്ട ഒരു കാര്യമാണ്. ഈ കമ്മീഷൻ, ക്രീമീലെയർ നിശ്ചയിക്കുന്നതിന് ഏകാംഗ കമ്മീഷനായി പ്രവർത്തിക്കുന്നതാണ്. അതിന്റെ കാലാവധി കഴിഞ്ഞ് ഇപ്പോൾ കൊടുക്കാൻ പോകുകയാണ്. തുടർന്ന് 4-ാം തീയതി 5-ാം തീയതിയോടുകൂടി മറ്റേ കണക്കുകൾ പരിശോധിച്ച് ഗവൺമെന്റിന് റിപ്പോർട്ട് കൊടുക്കേണ്ടതുണ്ട്. ഇതുമായി ബന്ധപ്പെട്ട് കമ്മീഷൻ അംഗങ്ങൾക്ക് ശ്രീ. രവീന്ദ്രൻ നായർക്കോ സാവാൻകുട്ടിക്കോ ചെയർമാനായ ജസ്റ്റീസ് നരേന്ദ്രനോ അതിന്റെ പ്രൊഫോർമ ഡീറ്റെയിൽസ് കൊടുത്തിട്ടില്ല എന്നാണ് അറിയാൻ സാധിക്കുന്നത്. ഗവൺമെന്റിൽ നിന്നാണ് അതു കൊടുക്കേണ്ടത്. അദ്ദേഹം തെളിവെടുപ്പു നടത്തുന്നുണ്ട് ആ പ്രൊഫോർമ കൊടുക്കണമെന്നു പറയാൻ കാരണം കഴിഞ്ഞ നിയമസഭയിൽ ഞാൻ ഉന്നയിക്കുകയും അങ്ങ് അതിനു മറുപടി പറയുകയും ചെയ്ത കാര്യം പബ്ലിക് സർവ്വീസ് കമ്മീഷൻ 3.3.97-ൽ ജസ്റ്റീസ് ജോസഫ് ക്രീമിലെയർ കമ്മീഷനു നൽകിയ ഒരു കത്തുണ്ടായിരുന്നു; ആ കത്തിൽ പറഞ്ഞത് പി.എസ്.സി. നിയമനങ്ങളുടെ റിക്രൂട്ട്മെന്റിൽ കാറ്റഗറി വൈസ് നിശ്ചയിച്ചുകൊടുക്കാനാണ്. അതിന്റെ കോപ്പിയുണ്ട്. അതു മാത്രമല്ല ഇന്ന രീതിയിൽ കൊടുക്കണമെന്ന ഒരു പ്രൊഫോർമ പി.എസ്.സി.ക്ക് അദ്ദേഹം കൊടുത്തിരുന്നു. അതിനെ മുഴുവൻ മറികടന്നുകൊണ്ടാണ് പബ്ലിക് സർവ്വീസ് കമ്മീഷൻ തെറ്റായ കണക്കു കൊടുത്തത്. അതാണ് വലിയ വിവാദങ്ങൾക്ക് ഇടയായത്. ആ ഒരു തെറ്റ് ആവർത്തിക്കാതിരിക്കാൻ വേണ്ടി മുൻകൂട്ടി മുഖ്യമന്ത്രി തന്നെ ഈ കാര്യം ശ്രദ്ധിക്കുന്നതിനുവേണ്ടിയാണ് ഇത് ഉന്നയിക്കുന്നത്. മാത്രമല്ല എസ്.സി.എസ്.ടി. ഡിപ്പാർട്ടുമെന്റിന്റെ ഇക്കാര്യത്തിലുള്ള അസാന്നിദ്ധ്യം ചൂണ്ടിക്കാണിക്കപ്പെടുന്നുണ്ട്. കമ്മീഷന് പ്രവർത്തിക്കാനുള്ള സൗകര്യങ്ങളില്ല. അതുപോലെ മറ്റു കാര്യങ്ങളിൽ സഹകരിക്കുന്നില്ല. അതുകൊണ്ട് പി.എസ്.സി.യിൽ ഉത്തരവാദപ്പെട്ട ആധികാരികമായി അറിയാവുന്ന ഒരാളെ സ്റ്റാഫായി നിയമിക്കണമെന്ന് ആവശ്യപ്പെട്ടു. അതിനും മറുപടിയില്ല. ഡി.ഒ.ലെറ്റർ കൊടുത്തിട്ടുപോലും മറുപടിയില്ല. ഏതു രീതിയിലുള്ള പ്രാതിനിധ്യമാണ് കണക്കിലെടുക്കേണ്ടത്, ഏത് രീതിയിലാണ് കണക്ക് ശേഖരിക്കേണ്ടത്, 25 കൊല്ലം മുൻപുള്ളതാണോ പത്തു കൊല്ലം മുൻപുള്ളതാണോ എന്നുള്ള പ്രശ്നമാണ്. കാറ്റഗറിവൈസായി എടുക്കുമ്പോൾ മെറിറ്റ് ക്വാട്ടായിൽ കൊടുത്തതും സംവരണക്വാട്ടയിൽ കൊടുത്തതും വേറെ വേറെ വേണം. മുന്നോക്ക-പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേകം ഓരോ കാറ്റഗറിയിലും ഓരോ ഡിപ്പാർട്ടുമെന്റിലും ഓരോ നിയമന രീതിയിലും കിട്ടിയതും അറിയേണ്ടതുണ്ട്. ഈ മൂന്നു രീതിയിൽ അതിന്റെ കണക്ക് ശേഖരിക്കേണ്ട

LIBRARY ARCHIVES Kerala Legislative Assembly

തുണ്ട്. എന്നാലേ പിന്നോക്ക വിഭാഗങ്ങൾക്ക് പ്രത്യേകം ഓരോ കാറ്റഗറിയിലും കിട്ടിയതും അറിയേണ്ടതുണ്ട്. ഈ മൂന്നു രീതിയിൽ അതിന്റെ കണക്ക് ശേഖരിക്കേണ്ടതുണ്ട്. എന്നാലേ പിന്നോക്ക വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യം കൊടുത്തിട്ടുണ്ടോ എന്ന് കാണാൻ സാധിക്കുകയുള്ളു. വളരെ അടിസ്ഥാനപരമായ രേഖയായി പിൽക്കാലത്ത് ഉപയോഗിക്കണമെന്നുള്ളതുകൊണ്ട് ശാസ്ത്രീയമായി കണക്കെടുത്തുകൊടുക്കണം. കിർത്താഡ്സ് ചില കണക്കുകൾ കൊടുത്തിട്ടുണ്ട്. അതു തെറ്റാണ്. അതിനെ അടിസ്ഥാനപ്പെടുത്തിയുള്ള പ്രവർത്തനങ്ങൾ ശരിയല്ല. ചില ഉദ്യോഗസ്ഥൻമാർ സർക്കാർ ഓഫീസുകളിൽ പോയി ചില കണക്കുകൾ ശേഖരിക്കുന്നതായി വിവരം കിട്ടിയതിന്റെ അടിസ്ഥാനത്തിലാണ് മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽ ഇക്കാര്യം കൊണ്ടുവരുന്നത്. ഇക്കാര്യം ഗൗരവമായി പരിഗണിക്കാനും കണക്കുകൾ കൊടുക്കാനും നടപടിയെടുക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. ഇ.കെ. നായനാർ) : സ്പീക്കർ സർ, സർക്കാർ സർവ്വീസിൽ പിന്നോക്ക സമുദായങ്ങളുടെ പ്രാതിനിധ്യം സംബന്ധിച്ച് ജസ്റ്റീസ് കെ.കെ. നരേന്ദ്രൻ കമ്മീഷൻ സംസ്ഥാന സർക്കാർ സർവ്വീസുകളിലെയും കോർപ്പറേഷനുകൾ ഉൾപ്പെടെയുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലേയും ക്ലാസ് 1, ക്ലാസ് 2, ക്ലാസ് 3, ക്ലാസ് 4 എന്നീ വിഭാഗങ്ങളിൽപ്പെട്ട ഉദ്യോഗസ്ഥൻമാരുടെ 15.12.94 ലെയും 31.12.96-ലെയും ജാതി തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കണമെന്നു് ആവശ്യപ്പെട്ടിരുന്നു. പൊതുവായി ജാതി തിരിച്ചുള്ള കണക്കുകൾ ലഭ്യമായാൽ പരിശോധിക്കുന്നതിനു ബുദ്ധിമുട്ടുണ്ടാകുമെന്നതു കണക്കിലെടുത്ത് ജീവനക്കാരുടെ ജാതി തിരിച്ചുള്ള വിശദാംശങ്ങൾ നിർദ്ദിഷ്ട പ്രൊഫോർമയിൽ ശേഖരിച്ച് അയച്ചുതരുന്നതിന് എല്ലാ വകുപ്പ് സെക്രട്ടറിമാരോടും ആവശ്യപ്പെട്ടിരിക്കുകയാണ്. പിന്നോക്ക വിഭാഗങ്ങൾക്ക് സംവരണകാറ്റഗറിയിലും മെറിറ്റ് കാറ്റഗറിയിലും കിട്ടിയ നിയമനങ്ങൾ പ്രത്യേകമായി കണക്കിലെടുത്ത് വിവരം നൽകണമെന്ന് നരേന്ദ്രൻ കമ്മീഷൻ ആവശ്യപ്പെട്ടിട്ടില്ല. ജസ്റ്റീസ് നരേന്ദ്രൻ കമ്മീഷൻ ആവശ്യപ്പെട്ട പ്രകാരമുള്ള ലിസ്റ്റ് നിർദ്ദിഷ്ട പ്രൊഫോർമയിൽ ബന്ധപ്പെട്ട വകുപ്പുകളിൽ നിന്നും ശേഖരിച്ച് നൽകുന്നതാണ്.

(4) പിറവം ഓണക്കൂർ പാണ്ഡ്യൻപാറ ഭഗവതിക്ഷേത്രത്തിലുണ്ടായ വെടിക്കെട്ട് അപകടം

ശ്രീ. ടി.എം. ജേക്കബ് : സർ, കഴിഞ്ഞ 19-ാം തീയതി പിറവത്തിനടുത്ത് ഓണക്കൂർ പാണ്ഡ്യൻപാറ ഭഗവതി ക്ഷേത്രത്തിലെ ഉൽസവവുമായി ബന്ധപ്പെട്ട് അവിടെ തയ്യാറാക്കിയിരുന്ന കതിനയ്ക്ക് തീപിടിച്ച് അൻപതു പേർക്ക് പരിക്കേൽക്കുകയുണ്ടായി. ഇതിൽ ഗുരുതരമായി പരിക്കു പറ്റിയ നാലുപേരെ കോട്ടയം മെഡിക്കൽകോളേജ് ആശുപത്രിയിലും മൂന്നുപേരെ മൂവാറ്റുപുഴ താലൂക്കാശുപത്രിയിലും കൊണ്ടുപോയി. മെഡിക്കൽകോളേജിൽ പ്രവേശിപ്പിച്ചിരുന്ന മനയ്ക്കപ്പറമ്പിൻ ചിന്നൻ, കിഴക്കേതിൽ മധു, രഘു ഈ മൂന്നാളുകൾ മരണപ്പെട്ടു. ഇതിൽ രഘു മരിച്ചത് ഇന്നു വെളുപ്പിന് നാലു മണിക്കാണ്. ഇനി പീടികയിൽ മൻമഥൻ എന്നുപറയുന്ന ഒരാൾകൂടിയുണ്ട്. മെഡിക്കൽ കോളേജിൽ അവശേഷിക്കുന്ന അദ്ദേഹത്തിന്റേയും നില ഗുരുതരമാണെന്നാണ് എനിക്കു മനസ്സിലാക്കാൻ കഴിഞ്ഞത്. അതുപോലെതന്നെ അനിൽ, മനോജ്, വേണുഗോപാൽ ഇവരെ മൂന്നു പേരെ മൂവാറ്റുപുഴ താലൂക്കാശുപത്രിയിലാണ് കൊണ്ടുപോയത്. കുഞ്ഞിപ്പെണ്ണ്, തങ്കമ്മ ഈ രണ്ടു

LIBRARY ARCHIVES Kerala Legislative Assembly